ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിലെ പ്രൊവിഷനൽ നിയമനം

87. [3] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം ആൻറ് ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിൽ 1961 ജനുവരി 31-ാം തീയതി മുതൽ 1963 ഡിസംബർ 31-ാം തീയതിവരെ പ്രൊവിഷനലായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ ജാതി തിരിച്ചുള്ള വിവരവും നിയമിച്ച തീയതിയും ഉൾപ്പെടുന്ന പട്ടിക മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) ഒൻപതുപേരെ നിയമിച്ചിട്ടുണ്ട്.

(ബി) അവരുടെ പേരു്, ജാതി, നിയമനത്തീയതി, ഉദ്യോഗപ്പേരു് എന്നിവ ഉൾപ്പെടുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

9 a. m. **Mr. Speaker :** Order, order. Question hour is over.

ADJOURNMENT MOTION.

Situation prevailing at Valiathura Port.

Mr. Speaker : I have received a notice under Rule 49 from Shri Anthony D' Cruz. That is not a matter of sufficient importance for moving as an adjournment motion. In such matters it is open to the hon. Member to call the attention of the concerned Minister under Rule 61.

Situation arising out of the fast of Shri A. K. Gopalan M. P. at Vazhathope.

Mr. Speaker : I have received another notice under Rule 49 from C. Achutha Menon regarding the situation arising out of the fast of Shri A. K. Gopalan, M. P. I call upon the hon. Chief Minister to place the facts before the House.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ഇതു സംബന്ധിച്ചുള്ള വസ്തുതകൾ ഇതിനുമുമ്പു് ഈ സഭയിൽ ചർച്ചയ്ക്കു വന്നിട്ടുള്ളതാണു്. കീരിത്തോടു് പുരുളി മുതലായ പ്രദേശങ്ങളിൽനിന്നും കുടിയിറക്കു നടത്തിക്കൊണ്ടിരിക്കുന്നതു സംബന്ധിച്ചുള്ള കാര്യങ്ങളും ഇവിടെ ഉന്നയിക്കപ്പെടുകയും, അതിനെപ്പറ്റി വളരെ വിശദമായ വിവരങ്ങളും ഗവണ്മെൻറു് മറുപടിയിലൂടെ നൽകുകയും ചെയ്തിട്ടുള്ളതാണു്. ശ്രീ. എ. കെ. ഗോപാലനും വേറെ ചില അദ്ദേഹത്തിൻറെ അടുത്ത സുഹൃത്തുക്കളുമായി ആ പ്രദേശത്തു കുറച്ചുദിവസമായി സഞ്ചരിക്കുകയാണു്. അദ്ദേഹം അവിടെ അങ്ങോട്ടുമിങ്ങോട്ടും പലതവണ പോയശേഷവും എന്താണു ചെയ്യേണ്ടതെന്നു വളരെ നിശ്ചയമില്ലാതെ കഴിഞ്ഞുകൂടിയെന്നാണു കാണുന്നതു്. അദ്ദേഹം മിനിഞ്ഞാന്നു വൈകുന്നേരം എനിക്കു് ഒരെഴുത്തു കൊടുത്തയയ്ക്കുകയുണ്ടായി. അതിൽ വളരെ അധികം ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ടു്. ആ ആരോപണങ്ങളും പലതും ഈ നിയമസഭയിൽതന്നെ വരുകയും ചർച്ചചെയ്യപ്പെടുകയും ചെയ്തിട്ടുള്ളതാണു്. അവിടത്തെ ആളുകളും വളരെ സംഭ്രാന്തരായി കഴിയുകയാണെന്നും, അവിടെ വെടിവെപ്പു് നടന്നുവെന്നും അവിടെനിന്നും കുടിയിറക്കേണ്ടയാതൊരു ആവശ്യവുമില്ലെന്നും, കുടിയിറക്കു് ഉടനെ നിറുത്തിവയ്ക്കണമെന്നും, എന്തെങ്കിലും ചെയ്യുന്നതിനുമുമ്പു് എല്ലാ പാർട്ടികളുമായി ആലോചന നടത്തേണ്ടതാണെന്നും അതിൽ പറഞ്ഞിട്ടുണ്ടു്.

* Appendix VI.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX VI

[Please see Answer to Unstairred Q. No. (3)]

	ഉദ്യോഗസ്ഥന്റെ പേരു്.	ഉദ്യോഗപ്പേരു്.	ജാതി	നിയമനത്തീയതി
1.	ശ്രീ. വി. വത്സൻ	ബോട്ട് സ്രാങ്കു്	വാലൻ	14.1.1961
2.	സി. ആർ. ജോസഫു്	ബോട്ട് ഡ്രൈവർ	ലത്തീൻ കത്തോലിക്കൻ	15.12.1961
3.	എ. കെ. ഗോവിന്ദൻ	ബോട്ട് സ്രാങ്കു്	ഈഴവൻ	7.3.1962
4.	പി. കെ. വേലപ്പൻ	ബോട്ട് ഡ്രൈവർ	വാലൻ	14.3.1962
5.	കെ. രഘുനാഥൻ	ഡയറക്ടരുടെ പേഴ്സനൽ അസിസ്റ്റൻറു്	ഈഴവൻ	1.5.1962
6.	എ. എം. ജോസഫു്	ബോട്ട് ഡ്രൈവർ	ലത്തീൻ കത്തോലിക്കൻ	17.10.1963
7	കെ. എ. പാറു	ബോട്ട് സ്രാങ്കു്	ആഗ്ലോ ഇൻഡ്യൻ	19.10. 1963
8.	പി. ഡാനിയൽ	ബോട്ട് ഡ്രൈവർ	സിറിയൻ ക്രസ്ത്യൻ	4.11.1963
9.	ആണ്ടിസുരുളി	ടി	ചക്കിലിയൻ	4.11.1963